3

ഷെവലിയർ ഐ. സി. ചാക്കോയുടെ വൈജ്ഞാനിക സംഭാവനകൾ

സി. മാർഗരറ്റ് മരിയാ ജോസ്

പ്രബന്ധസംക്ഷേപം

(Faculty of Language and Literature, Malayalam)

മഹാത്മാഗാന്ധി സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്നത്.

ഗവേഷണമാർഗദർശി: ഡോ. കെ. വി. തോമസ്
റീഡർ
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്-673001

ഗവേഷണ കേന്ദ്രം: എസ്. ബി. കോളേജ്
ചങ്ങനാശ്ശേരി

തീയതി: 27/02/2012

Signature of the Supervising Teacher: Dr. K. V. Thomas

Uty.Registration Order No. & Date : AC A11/2/614/MAL/JAN/2006
20-06-2006.

ഷെവലിയർ ഐ.സി. ചാക്കോയുടെ വൈജ്ഞാനിക സംഭാവനകൾ

ലക്ഷ്യം: ബഹുഭാഷാപണ്ഡിതനും വൈയാകരണനുമായിരുന്ന ഐ. സി ചാക്കോയുടെ വൈജ്ഞാനിക സംഭാവനകളെ വിലയിരുത്തുക.

പഠനത്തിന്റെ പ്രസക്തി:

ഭാഷയ്ക്കും സാഹിത്യത്തിനും സമുദായത്തിനും രാഷ്ട്രത്തിനും ഏറെ സംഭാവനകൾ നല്കിയ ഐ. സി. ചാക്കോയെപ്പറ്റി സമകാലികരായ സാഹിത്യാചാര്യന്മാരും മറ്റ് എഴുത്തുകാരും പലതും രേഖപ്പെടുത്തിവച്ചിട്ടുണ്ട്. എന്നാൽ ഗൗരവവും സമഗ്രവുമായ ഒരു പഠനം ഇതുവരെയും ഉണ്ടായിട്ടില്ല. നിരവധി ലേഖനങ്ങളും പ്രബന്ധങ്ങളും നഷ്ടപ്പെട്ടിട്ടുമുണ്ട്. അവയുടെയെല്ലാം പഠനവും സമാഹരണവുമാണ് ഉദ്ദേശിക്കുന്നത്.

സമീപനരീതി:

ഷെവലിയർ ഐ. സി ചാക്കോയുടെ വൈജ്ഞാനിക സംഭാവനകളെക്കുറിച്ചുള്ള പഠനമാണ് ഈ പ്രബന്ധം. അഞ്ച് അദ്ധ്യായങ്ങളായാണ് ഈ പഠനപ്രബന്ധം സംവിധാനം ചെയ്തിരിക്കുന്നത്. ഭാഷ, സാഹിത്യം, വ്യാകരണം, ചരിത്രം, ഗണിതശാസ്ത്രം, ഭൂഗർഭശാസ്ത്രം, കൃഷിശാസ്ത്രം തുടങ്ങിയ മേഖലയിലെല്ലാം അദ്ദേഹം നല്കിയ സംഭാവനകളും പിന്നാക്കസമുദായങ്ങളുടെ വളർച്ചയ്ക്കും, രാജ്യത്തിന്റെ സ്വാതന്ത്ര്യപ്രാപ്തിക്കും വേണ്ടി രാഷ്ട്രീയരംഗത്ത് നല്കിയ സേവനങ്ങളും ഇതിൽ വിശകലനം ചെയ്യുന്നു.

അദ്ധ്യായം ഒന്ന്

വ്യക്തിയും പ്രതിഭയും

പിതൃമുഖത്തു നിന്നുതന്നെ വിദ്യയുടെ ബാലപാഠങ്ങൾ അഭ്യസിച്ച ഐ. സി. ചാക്കോ സംസ്കൃതജ്ഞാനത്തിന്റെ അടിത്തറ ഉറപ്പിച്ചുകൊണ്ടാണ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനൊരുങ്ങിയത്. ആലപ്പുഴ ഗവ. ഇംഗ്ലീഷ് സ്കൂളിലാണ് മൂന്നാം ക്ലാസ്സിൽ ചേർന്നത്. മെട്രിക്കുലേഷൻ പാസ്സാകുന്നതുവരെ അവിടെയാണ് വിദ്യ അഭ്യസിച്ചത്. തുടർന്ന് എഫ്.എ, ബി.എ കോഴ്സുകൾക്ക് തിരുവനന്തപുരം രാജകീയ മഹാപാഠശാലയിൽ ചേർന്നു. ബിരുദപഠനത്തിന് ശേഷം ആലപ്പുഴ ലിയോതേർട്ടീന്ത് ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ചു. ഒരുവർഷം എം.എ പഠനവും അധ്യാപനവും സംയുക്തമായി കൊണ്ടുപോകുന്ന അവസരത്തിലാണ് ഗണിതം, രസതന്ത്രം, ഭൂഗർഭശാസ്ത്രം, ലോകവിജ്ഞാനീയം തുടങ്ങിയവയിൽ ഉപരിപഠനത്തിനായി ഗവൺമെന്റിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നത്. ഇംഗ്ലണ്ടിലെ ഇംപീരിയൽ കോളേജിൽ എട്ടുവർഷത്തോളം പഠിച്ച് ബി. എസ് സി, ഏ. ആർ. സി. എസ്, ആർ. എസ്. എം എന്നീ ബിരുദങ്ങളെല്ലാം നേടി തിരികെ നാട്ടിൽ വന്നു. തുടർന്ന് പരിശീലനത്തിനായി ഉത്തരേന്ത്യൻപര്യടനം നടത്തി. തിരിച്ചെത്തിയ ശേഷം ഭൂഗർഭശാസ്ത്രജ്ഞൻ, വ്യവസായ ഡയറക്ടർ എന്നീ നിലകളിലെല്ലാം സർക്കാർ സേവനം അനുഷ്ഠിച്ചു.

ഒരു സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനം മാതൃകാപരമായിരുന്നു. ഉദ്യോഗനിർവഹണത്തിനിടയിൽ അതിനോട് ബന്ധപ്പെട്ട് രാജ്യത്തിന് ചെയ്യാവുന്ന നന്മകൾ എന്തൊക്കയാണെന്ന് സ്വാഭാവികമായും ചിന്തിക്കുകയും അതിന് വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിരുന്നു. ഒരേ സമയം വ്യവസായ ഡയറക്ടറായും സ്റ്റേറ്റ് ജിയോളജിസ്റ്റായും സേവനമനുഷ്ഠിച്ച ഐ. സി ചാക്കോ ഒരു മൈനർ വകുപ്പധ്യക്ഷന്റെ പദവിയും ശമ്പളവും കൊണ്ട് സംതൃപ്തനായ വ്യക്തിയാണ്.

ഇൽമനൈറ്റ് വ്യവസായം വഴി രാജ്യത്തിന് ലഭിച്ചിട്ടുള്ള ആദായത്തിന് വഴി തെളിച്ചത് ഐ. സി ചാക്കോയാണ്. കുട്ടനാട്ടിലേയ്ക്കുള്ള ഓരുവെള്ളത്തിന്റെ

കയറ്റം നിയന്ത്രിക്കുന്നതിനും കാലവർഷക്കാലത്ത് കുട്ടനാടിനെ പ്രളയത്തിലാഴ്ത്തുന്ന അധികജലം കടലിലേയ്ക്ക് ഒഴുക്കുന്നതിനും സഹായകമായ തോട്ടപ്പള്ളി സ്പിൽവേയുടെ കാരണഭൂതനും ഐ. സി ചാക്കോയാണ്.

കേരളത്തിലെ കാർഷികമേഖലയ്ക്കും കൃഷിവകുപ്പിനും ഐ. സി നല്കിയ സംഭാവനകൾ നിസ്തുലങ്ങളാണ്. ജന്മനാ കൃഷിക്കാരനായിരുന്ന അദ്ദേഹം സ്വന്തം പാടത്ത് നടത്തിയ പരീക്ഷണങ്ങളും, ലോകത്തിന്റെ നാനാഭാഗത്തുനിന്നും വരുത്തി വായിച്ച പുസ്തകങ്ങളും അദ്ദേഹത്തെ ഒരു കൃഷി വിദഗ്ദ്ധനാക്കിത്തീർത്തു. ഐ. സി യുടെ കൃഷിശാസ്ത്ര വിജ്ഞാനവും പ്രായോഗിക പരിചയവും കൃഷിവകുപ്പിന്റെ വളർച്ചയ്ക്കും കർഷകരുടെ ഉയർച്ചയ്ക്കും കാരണമായി.

ഒരു സമുദായത്തിനും ഒറ്റപ്പെട്ട് പുരോഗമിക്കുവാൻ സാധ്യമല്ലെന്ന് മനസ്സിലാക്കിയ അദ്ദേഹം സ്വസമുദായവും ഒപ്പം ഇതര സമുദായങ്ങളും എല്ലാവിധത്തിലും പുരോഗമിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. വിദ്യാലയ ദേശസാത്ക്കരണ ലക്ഷ്യം സർക്കാർ ഉപേക്ഷിക്കണമെന്നും ഐ. സി. ആവർത്തിച്ച് പറഞ്ഞിരുന്നു. അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിലും തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ സഹകരണത്തിലും നടന്ന ആദ്യത്തെ വിദ്യാഭ്യാസ പ്രക്ഷോഭത്തിൽ ഐ. സി. ചാക്കോ സജീവ സാന്നിദ്ധ്യമായിരുന്നു.

കേരളത്തിൽ വ്യവസായ യുഗത്തിന്റെ നാന്ദികുറിച്ച ട്രാവൻകൂർ മിനറൽസ്, കുണ്ടറ സെറാമിക്സ് എന്നീ സ്ഥാപനങ്ങളുടെ ഉപജ്ഞാതാവ്, കേരളത്തിലെ ആദ്യത്തെ ഭൂഗർഭശാസ്ത്ര വകുപ്പ് മേധാവി, പ്രഗത്ഭനായ ഒരു സമുദായ പ്രവർത്തകൻ (ഈ രംഗത്തെ സേവനത്തെ പുരസ്ക്കരിച്ച് ഐ. സി. ക്ക് ഷെവലിയർ ബഹുമതി നല്കപ്പെട്ടു) നിസ്തന്ദ്രനായ ഒരു ഗവേഷകൻ, നിസ്സപത്നനായ ഒരു നിരൂപകൻ, രസികശിരോമണിയായ ഒരു സംഭാഷണകുശലൻ എന്നിങ്ങനെ പരസ്പരഭിന്നങ്ങളായ നിരവധി മണ്ഡലങ്ങളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

അദ്ധ്യായം രണ്ട്

ഭാഷയ്ക്കും സാഹിത്യത്തിനും നല്കിയ സംഭാവനകൾ

ആധുനിക ശാസ്ത്രത്തിലും സംസ്കൃത ഭാഷയിലും നേടിയ പാണ്ഡിത്യം അനേകം തലമുറകൾക്ക് പ്രയോജനപ്പെടുവാൻ പര്യാപ്തമാം വിധം ഐ. സി ചാക്കോ രചനകളിൽ ഏർപ്പെട്ടു. ശാസ്ത്രം, സാഹിത്യം, ഭാഷ, ചരിത്രം, മതം, സമുദായം, രാഷ്ട്രമീമാംസ തുടങ്ങിയ വിജ്ഞാന ശാഖകൾക്കെല്ലാം ഐ. സി തന്റേതായ സംഭാവനകൾ നല്കിയിട്ടുണ്ട്.

താരതമ്യഭാഷാ ശാസ്ത്രരംഗത്ത് അനായാസം വിഹരിക്കുകയും, വിവിധ മേഖലകളിൽ ആധുനിക വിജ്ഞാനവികാസത്തിനാവശ്യമായ നൂതനപദങ്ങൾ സൃഷ്ടിച്ച് നല്കുകയും ചെയ്ത ഐ.സി ചാക്കോ സംസ്കൃതത്തിന് പുറമേ ഗ്രീക്ക്, ലാറ്റിൻ, ഫ്രഞ്ച് മുതലായ ക്ളാസ്സിക്കൽ ലോകഭാഷകളിലും അറിവ് നേടിയ ഭാഷാശാസ്ത്രജ്ഞനാണ്.

ഐ.സി ചാക്കോയുടെ 'പാണിനീയപ്രദ്യോതം' സംസ്കൃതവ്യാകരണം പഠിക്കുന്നതിന് മലയാളത്തിൽ ലഭ്യമായ ഏറ്റവും നല്ല ഗ്രന്ഥമാണ്. സംസ്കൃതപഠനം മലയാളികളെ സംബന്ധിച്ച് അനുപേക്ഷണീയമാണ്. മലയാളം ദ്രാവിഡഗോത്രത്തിൽപ്പെട്ട ഭാഷയാണെങ്കിലും നാം അനുദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളിൽ മുക്കാൽ പങ്കും സംസ്കൃത ശബ്ദങ്ങളാണ്.

പാണിനീയസൂത്രങ്ങളുടെ അതിയായ സംക്ഷിപ്തതയാണ് അവയുടെ ദുർഗ്രഹതയുടെ പ്രധാനകാരണം. ഏറ്റവും കുറച്ച് വാക്കുകളിൽ ഏറ്റവുമധികം അർത്ഥം ഒതുക്കി നിർത്തുകയെന്നതാണ് സൂത്രസമ്പ്രദായം. അതിന്റെ പരമോച്ചകോടിയാണ് അഷ്ടാധ്യായി. നിലവിലുള്ള പാണിനീയ വ്യാഖ്യാനങ്ങളുടെ ഈ ന്യൂനതകൾ നല്ലവണ്ണം മനസ്സിലാക്കിയിട്ടാണ് ഐ.സി ചാക്കോ തന്റെ പാണിനീയപ്രദ്യോതം രചിച്ചിരിക്കുന്നത്. അദ്ദേഹം കാണിച്ചിരിക്കുന്ന ത്യാജ്യഗ്രാഹ്യവിവേചന ബുദ്ധിയാണ് ആദ്യമായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നത്. നൂതന ശബ്ദനിഷ്പാദനത്തിനാവശ്യമില്ലാത്ത സൂത്രങ്ങളുപേക്ഷിച്ച് ബാക്കിയുള്ളവ സുഗമവും യുക്ത്യനുസൃതവുമായ ക്രമത്തിൽ ഒന്ന് പൊളിച്ചടുക്കി ഓരോന്നായി

വ്യാഖ്യാനിക്കുകയെന്നതാണ് ഐ.സിയുടെ സമ്പ്രദായം. പ്രാരംഭത്തിൽ അദ്ദേഹം പാണിനിയുടെ വിവിധ സംജ്ഞകളെ സമാഹരിച്ച് ഓരോന്നിന്റെയും അർത്ഥവും ഉദ്ദേശ്യവും പഠിതാവിന് മനസ്സിലാക്കികൊടുക്കുന്നു. തുടർന്ന് ഏറ്റവും പ്രധാന പ്പെട്ട പ്രത്യയങ്ങളും അവയുടെ നിർദ്ദേശങ്ങളും വിവരിക്കുന്നു. ഇതിന് ശേഷ മാണ് 'പാണിനീയം' എന്ന മഹാസൗധത്തിന്റെ ഓരോ കവാടങ്ങൾ അദ്ദേഹം തുറന്നു തരുന്നത്. അത്യന്തം ഹൃദ്യവും ലളിതവുമായ ശൈലിയിൽ ഓരോ സൂത്രത്തിന്റെയും പദച്ഛേദം, അന്വയം, വ്യാഖ്യാനം പൂർവ്വസൂത്രങ്ങളുമായുള്ള ബന്ധം, പ്രക്രിയകൾക്ക് ഉദാഹരണങ്ങൾ എന്നിവ അദ്ദേഹം തുടർന്ന് നൽകുന്നു. ഏത് ദുർഘടവിഷയവും സ്ഫടികസ്ഫുടവും രസകരവുമായ രീതിയിൽ വിശദീ കരിക്കുന്നതിന് ഐ.സിയ്ക്കുള്ള ജന്മസിദ്ധമായ വൈഭവം പാണിനീയപ്രദ്യോ തത്തെ ഒരാഖ്യായികപോലെ സുഗമവും ഹൃദ്യവുമാക്കിത്തീർത്തിരിക്കുന്നു.

ദക്ഷിണേന്ത്യയിലെ തമിഴ്, തെലുങ്ക്, കർണ്ണാടകം, മലയാളം എന്നീ ഭാഷ കളിൽ സംസ്കൃതത്തിന്റെ മിശ്രണം ധാരാളമായിട്ടുണ്ട്. സംസ്കൃതവ്യാകരണ ത്തിലുള്ള അറിവിന്റെ കുറവ് കൊണ്ട് നമ്മൾ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങ ളിൽ പലതും പിശകായിട്ടുള്ളവയാണ്. സംസ്കൃതത്തിൽ ഇല്ലാത്ത അർത്ഥങ്ങ ളിൽ നാം സംസ്കൃത വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. ഐ.സി.ചാക്കോ ഇവ യെക്കുറിച്ച് സൂക്ഷ്മമായി നിരീക്ഷണം നടത്തിയിട്ട് തെറ്റുകൾ തിരുത്തുന്നതിന് ആവശ്യകമായ നിർദ്ദേശങ്ങൾ നല്കുന്ന ലേഖനങ്ങളാണ് 'ചില ശബ്ദങ്ങളും അവയുടെ രൂഢാർത്ഥങ്ങളും' എന്ന ഗ്രന്ഥം.

ഇൻഡോ-യൂറോപ്യൻ ഭാഷാ ഗോത്രത്തിന്റെ എല്ലാ ശാഖകളിലും പിടിപാടുള്ള ഐ.സി താരതമ്യ ശബ്ദശാസ്ത്രത്തിന്റെ കൈ പിടിച്ചുകൊണ്ട് പുരാതന ആര്യ കുടുംബങ്ങൾ സന്ദർശിച്ച് പല ചരിത്ര സമ്പത്തുകളും അവിടെ നിന്നും കണ്ടെടുത്തിട്ടുണ്ട്. 'പുത്രി'യെന്നുള്ള അർത്ഥത്തിൽ സംസ്കൃതത്തി ലുള്ള ഒരു ശബ്ദമാണ് 'ദുഹിതൃ' (ദുഹിതാവ്)- ഡോ(ഹ്)ട്ടർ, 'ഥുഗാതർ' എന്നിവ യഥാക്രമം അവയുടെ ഇംഗ്ലീഷും ഗ്രീക്കും. 'ദുഹിതാവ്' എന്നതിന് രൂഢി 'പുത്രി'യെന്നാണെങ്കിലും യൗഗികാർത്ഥം പാൽ കറക്കുന്നവളാണെന്നും ഇതിൽ

നിന്നും പ്രാചീന ആര്യകുടുംബങ്ങളിലെ കറവക്കാരികൾ പെൺമക്കളായിരുന്നു വെന്നും അദ്ദേഹം പറയുന്നു.

മതമണ്ഡലത്തിന് അദ്ദേഹം നിർമ്മിച്ച് നൽകിയ സാങ്കേതിക പദങ്ങളിൽ മൗതികശരീരം (mystical body) പാഥേയം (viaticum) സ്വർഗ്ഗാരോപണം (Assumption) സ്വർഗ്ഗാരോഹണം (Ascension) എന്നിവ പ്രസിദ്ധമാണ്. പ്രകൃതി ശാസ്ത്രത്തിലും കൃഷിശാസ്ത്രത്തിലും ഉപയോഗക്ഷമങ്ങളായ അനേകം സാങ്കേതികപദങ്ങൾ അദ്ദേഹം നിർമ്മിച്ച് നല്കിയിട്ടുണ്ട്. Absorption -(ഉദ്ധയനം) Protozoa -(പ്രഥമജീവികൾ) Organic matter (സാംഗികപദാർത്ഥം) തുടങ്ങിയവ ഉദാഹരണങ്ങളാണ്. ശബ്ദവിഷയങ്ങളായ പ്രബന്ധങ്ങൾ പോലും ഭാഷാശാസ്ത്രത്തിലും സാമൂഹ്യചരിത്രത്തിലും അദ്ദേഹത്തിന്റെ അവഗാഹം വ്യക്തമാക്കുന്നതാണ്.

ഐ. സി ചാക്കോ ഒരു നിരൂപകനുമായിരുന്നു. അദ്ദേഹത്തിന്റെ നിരൂപണങ്ങൾ പണ്ഡിതോചിതങ്ങളും സത്യസ്ഥാപനലക്ഷ്യം വച്ചുള്ളവയുമായിരുന്നു. ബഹുവിധരചനകൾക്കിടയിൽ സാഹിത്യനിരൂപണമായി ചുരുക്കം ചിലത് മാത്രമേ അദ്ദേഹത്തിൽ നിന്നും കൈരളിയ്ക്ക് ലഭിച്ചിട്ടുള്ളു. രാമായണനിരൂപണവും, കരുണാനിരൂപണവും, പാപ്പായുടെ ആധിപത്യവിമർശവുമാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട നിരൂപണങ്ങൾ.

വാലിമികി രാമായണം പഠിക്കുന്നതിന് സംസ്കൃതനഭിജ്ഞരായ മലയാളി സഹൃദയർക്ക് ഏറ്റവും അധികം ഉപയോഗപ്പെടുന്ന ഒരു വിശിഷ്ടകൃതിയാണ് ഐ. സി ചാക്കോയുടെ 'വാല്മികിയുടെ ലോകത്തിൽ' എന്ന ഗ്രന്ഥം. ഇതിൽ രാമായണത്തിലെ ചില സുപ്രധാന സന്ദർഭങ്ങൾ തെരഞ്ഞെടുത്ത് ഗ്രന്ഥകാരൻ പഠനവിഷയമാക്കിയിരിക്കുന്നു. രാമായണത്തിലെ ഏറ്റവും ഹൃദയസ്പർശിയായ ശ്ലോകങ്ങൾ ഉദ്ധരിച്ച് അവയുടെ സന്ദർഭവും ആശയവും വിശദീകരിക്കുകയെന്നതാണ് ഇതിൽ ഗ്രന്ഥകാരൻ സ്വീകരിച്ചിട്ടുള്ള സമ്പ്രദായം. അതിനാൽ വാല്മികി രാമായണം നേരിട്ട് പഠിക്കുന്നതിനുള്ള ഒരവസരം ഇതിലൂടെ അനുവാചകർക്ക് ലഭിക്കുകയാണ്.

ഐ. സി. ചാക്കോയുടെ വ്യക്തിമുദ്ര പ്രകടമായി കാണാവുന്ന മറ്റൊരു കൃതിയാണ് കരുണാനിരൂപണം. മഹാകവി കുമാരനാശാന്റെ കരുണയെ തരം താഴ്ത്തുവാനെന്നവണ്ണം സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള പല തവണ അതിനെ നിശിതമായി വിമർശിക്കുകയുണ്ടായി. കരുണയിലെ കൂടുതൽ മിഴിവാർന്ന ഭാഗങ്ങളെല്ലാം അനുകരണങ്ങളാണെന്നു വരുത്തുവാനായിരുന്നു പി. കെയുടെ ശ്രമം. അതിനൊരുപ്രത്യാഖ്യാനമാണ് ഐ.സി. ചാക്കോ എഴുതിയത്.

ഐ.സി. ചാക്കോയുടെ ജീവിതത്തിലെ സുപ്രധാന സംഭവമെന്ന് വിശേഷിപ്പിക്കാവുന്ന ഒന്നാണ് കെ.എൻ. ദാനിയേലുമായുണ്ടായ വാദപ്രതിവാദങ്ങളും മാനനഷ്ടക്കേസും. ഐ.സിയുടെ മതപാണ്ഡിത്യം, സമുദായസ്നേഹം, നിരൂപക പ്രതിഭ ഇവയ്ക്കെല്ലാം ഉത്തമോദാഹരണമാണ് ഈ സംഭവം. 1927-ാം ആണ്ടവസാനം മാർത്തോമാസമുദായംഗമായ കെ.എൻ. ദാനിയേൽ 'പാപ്പായുടെ ആധിപത്യം' എന്ന പേരിൽ ഒരു പുസ്തകമെഴുതി. യാക്കോബായ സമുദായത്തിൽനിന്നും മർത്തോമാസമുദായത്തിൽനിന്നും പലരും കത്തോലിക്കാ സമുദായത്തിലേയ്ക്ക് ചേർന്നിരുന്ന ഒരു സന്ദർഭമായിരുന്നു അത്. ഈ പ്രവാഹം തടയാമെന്ന് കരുതിയാണ് മാർപ്പാപ്പായ്ക്ക് പരമാധികാരമില്ലെന്ന് സമർത്ഥിച്ചു കൊണ്ട് ദാനിയേൽ പുസ്തകമെഴുതിയത്. മാർപ്പാപ്പായ്ക്ക് ക്രൈസ്തവസഭയുടെ മേൽ പരമാധിപത്യമുണ്ട് എന്ന കത്തോലിക്കാ വിശ്വാസത്തെ ചോദ്യം ചെയ്യുന്ന ഈ കൃതിക്ക് ഒരു മറുപടി എഴുതുകയെന്നതായിരുന്നില്ല ഐ.സിയുടെ ലക്ഷ്യം. സത്യത്തിനും ചരിത്രത്തിനും എതിരായ ഒരു വാദധൂമികകൊണ്ടു കേരളീയരുടെ ചിന്താമണ്ഡലം മൂടുവാനുള്ള ദാനിയേലിന്റെ അസമീചീനമായ യത്നത്തെ തടയണമെന്ന് മാത്രമേ ഐ.സി ചാക്കോയ്ക്ക് ഉദ്ദേശ്യമുണ്ടായിരുന്നുള്ളൂ.

ഐ. സി ചാക്കോ കുടുംബജീവിതം ആരംഭിച്ചകാലത്ത് ഒരു സുഹൃത്ത് അദ്ദേഹത്തിന് ഒരു നായക്കുട്ടിയെ സമ്മാനിച്ചു. അദ്ദേഹത്തിന് നായ്ക്കളോട് പ്രത്യേക താല്പര്യമൊന്നുമില്ലായിരുന്നെങ്കിലും സ്നേഹിതന്റെ സമ്മാനമായതു കൊണ്ടും നല്ല ബുദ്ധിസാമർത്ഥ്യവും സ്നേഹവുമുള്ള ഒരു ജീവിയായി കാണപ്പെട്ടതുകൊണ്ടും ഈ നായക്കുട്ടിയോട് ഐ. സി ക്ക് ഏറെ വാത്സല്യമായിരുന്നു. കുറെക്കാലം കഴിഞ്ഞപ്പോൾ ഈ നായ ചത്തുപോയി. സ്നേഹമുള്ള ആ നായ

യുടെ വിയോഗം ഐ. സി യുടെ ഹൃദയത്തിൽ ചലനമുണ്ടാക്കി. സംസ്കൃതത്തിൽ നല്ല പാടവമുണ്ടായിരുന്ന ഐ. സി. നായയെക്കുറിച്ച് സംസ്കൃതത്തിൽ 'ഹേക്താഃ മൃതോ, മേ ശ്വാഃ' എന്ന പേരിൽ ഒരു ചരമകാവ്യമെഴുതി. 24 ശ്ലോകങ്ങളുണ്ടായിരുന്ന ആ കവിത ഭാഷാപോഷിണിയിൽ പ്രസിദ്ധീകൃതമായി. അത് വയിച്ച ഏ. ആർ രാജരാജവർമ്മ അതിന് കാളിദാസ കാവ്യത്തിന്റെ ഛായയുണ്ടെന്ന് അഭിപ്രായം പറഞ്ഞു.

ഐ. സി. ചാക്കോയ്ക്ക് സംസ്കൃതഭാഷയിലും ക്രൈസ്തവ വേദപുസ്തകത്തിലുമുള്ള അഗാധമായ പരിജ്ഞാനം വ്യക്തമാക്കുന്ന ഒരു രചനയാണ് 'ക്രിസ്തുസഹസ്രനാമം'. സംസ്കൃതത്തിലെ സ്തോത്രകൃതികളിൽ സഹസ്രനാമങ്ങൾക്ക് പ്രമുഖസ്ഥാനമുണ്ട്. ഭാരതീയമായ സ്തോത്ര സംസ്ക്കാരത്തെ സ്വകീയമാക്കുന്നതിന് മതത്തിന്റെ അതിർവരമ്പുകൾ തടസ്സമല്ലായെന്ന് സ്ഥാപിക്കുന്ന ഒരു കൃതിയാണിത്. ഭാരതീയമായ ജീവിത വീക്ഷണത്തേയും പദപ്രയോഗങ്ങളേയും സർവ്വാത്മനാ സ്വീകരിക്കുന്നതിന് അദ്ദേഹത്തിന്റെ വിശാലവീക്ഷണം സർവ്വദാ സന്നദ്ധമായിരുന്നു. ഭക്തരായ ഹൈന്ദവർ അനുദിനം പാരായണത്തിന് ധാരാളമായും ഉപയോഗിക്കുന്ന വ്യാസഭഗവാന്റെ കൃതിയാണെന്ന് കരുതപ്പെടുന്ന ശ്രീവിഷ്ണുസഹസ്രനാമസ്തോത്രമാണ് ഐ. സി യുടെ ഈ രചനയ്ക്ക് പ്രചോദനമായിട്ടുള്ളത്. വിഷ്ണുസഹസ്രനാമത്തിലെ പ്രയോഗങ്ങളെ അനുകരിച്ച് ക്രൈസ്തവ വേദപുസ്തകത്തിലെ പ്രസ്താവനകളെ ആധാരമാക്കി ഐ. സി ഇതിൽ ക്രിസ്തുവിന് വിവിധ വിശേഷണങ്ങൾ നൽകിയിരിക്കുന്നു. 1914 ൽ കുറവിലങ്ങാട്ടു നിന്ന് വി. സി. ജോർജ്ജിന്റെ പത്രാധിപത്യത്തിൽ 'ക്രിസ്തു സഹസ്രനാമം' എന്ന പേരിൽ പ്രസിദ്ധീകരിച്ചതാണിത്. ക്രിസ്തുസഹസ്രനാമം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ക്രിസ്തുവിന്റെ ആയിരം നാമങ്ങൾ എന്നല്ല, അനേകം നാമങ്ങൾ എന്നാണ്. ക്രിസ്തുസഹസ്രനാമം കേവലം ഒരു കവിതയെന്ന നിലയ്ക്ക് മാത്രമല്ല, വേദപുസ്തകത്തിനുള്ളിൽ നടത്തിയ ക്ലേശകരമായ ഒരു ഗവേഷണമെന്ന നിലയ്ക്ക് കൂടി ക്രൈസ്തവസാഹിത്യത്തിന് ഒരു അമൂല്യ സംഭാവനയാണ്.

കഥാപുരുഷന്റെ മാനസികമായ വളർച്ചയും വ്യക്തിത്വത്തിന്റെ പ്രത്യേകതകളും വായനക്കാരന്റെ ഹൃദയത്തിൽ ശക്തിയായി പതിയത്തക്കവണ്ണം അദ്ദേഹത്തിന്റെ ബാഹ്യപ്രവർത്തനങ്ങളും ആന്തരിക പ്രവണതകളും കലാസുഭഗമായ രീതിയിൽ ആവിഷ്ക്കരിക്കുന്ന ഒരു ജീവിതപുന:സൃഷ്ടിയാണ് ഓരോ ജീവചരിത്രവും. ഇത് ജീവിത പഠനത്തിനുള്ള പ്രത്യക്ഷമായ ഒരു മാർഗ്ഗമാണ്. വായനക്കാരന്റെ ജീവിതത്തിലെ പ്രത്യേക പ്രശ്നങ്ങളും ആന്തരിക മത്സരങ്ങളും ഒരു കണ്ണാടിയിലെന്നവണ്ണം ചരിത്ര പുരുഷന്റെ ജീവിതത്തിൽ പലപ്പോഴും പ്രതിഫലിച്ച് കാണുന്നതാണ്.

ജീവചരിത്രത്തിന്റെ ഈ സവിശേഷതകളെല്ലാം ഇണങ്ങിച്ചേർന്നിരിക്കുന്ന കൃതികളാണ് ഐ. സി ചാക്കോയുടെ സർ തോമസ് മൂർ, മാർ ളൂയിസ് പഴേപറമ്പിൽ- ജീവിതവും കാലവും എന്നീ ഗ്രന്ഥങ്ങൾ. ഇംഗ്ലണ്ടിലെ എട്ടാം ഹെൻറി രാജാവിന്റെ ചാൻസലറായിരുന്ന സർ തോമസ് മൂർ ഒരു പുണ്യപുരുഷനായിരുന്നു. മഹാപണ്ഡിതൻ, രാജ്യകാര്യ വിചക്ഷണൻ, ആംഗ്ലേയ ഗദ്യസാഹിത്യത്തിന്റെ ജനയിതാവ്, ആദർശയോഗ്യനായ കുടുംബനാഥൻ, സത്യസന്ധനായ ന്യായാധിപൻ എന്നിങ്ങനെ വിവിധ നിലകളിൽ അദ്ദേഹം പ്രശസ്തനായിരുന്നു. ഹെൻറി എട്ടാമന്റെ ശ്രേഷ്ഠ സുഹൃത്തുകൂടിയായിരുന്നു തോമസ് മൂർ.

വിഷയലമ്പടനായ ഹെൻറി തന്റെ ഭാര്യ ജീവിച്ചിരിക്കെ രണ്ടാം വിവാഹത്തിനൊരുങ്ങുകയും അത് സാധ്യമാക്കുന്നതിന് മതനേതൃത്വം കൂടി സ്വന്തമാകുവാൻ വേണ്ടി മാർപ്പാപ്പായുടെ ആദ്ധ്യാത്മികാധികാരം നിഷേധിക്കുകയും ചെയ്തപ്പോൾ ഒരു ഉത്തമ കത്തോലിക്കനായിരുന്ന തോമസ് മൂറിന് തന്റെ കത്തോലിക്കത്വത്തിൽ ഉറച്ചു നിൽക്കണമോ രാജാവിനെ അനുകൂലിക്കണമോ എന്നത് ഒരു വലിയ പ്രശ്നമായിത്തീർന്നു. ഭവിഷ്യത്തുകൾ നന്നായി മനസ്സിലാക്കിയ തോമസ് മൂർ സത്യത്തിന്റെയും നീതിയുടെയും പക്ഷത്ത് നില്ക്കുകയാണ് ചെയ്തത്. അതിന് വിലയായി കൊടുക്കേണ്ടിവന്നത് സ്വന്തം ശിരസ്സായിരുന്നു. അങ്ങനെ വ്യക്തിപരമായ ലാഭനഷ്ടങ്ങൾ നോക്കാതെ ആദർശത്തിൽ ഉറച്ചുനില്ക്കുന്നതിനുള്ള മഹത്തായ ഒരു പ്രചോദനമാണ് തോമസ് മൂർ പ്രദാനം ചെയ്യുന്നത്.

തോമസ് മൂർ ജീവിച്ചിരുന്ന ഇംഗ്ലണ്ടിലെ ഭരണകൂടത്തെ അനുസ്മരിപ്പിക്കുന്ന ഒരു ഭരണസമ്പ്രദായമായിരുന്നു തിരുവിതാംകൂറിലും നടന്നിരുന്നത്. ഉന്നതരായ പലരും സ്ഥാനമാനങ്ങൾക്കും പ്രതാപത്തിനും വേണ്ടി ആദർശങ്ങളെ ബലി കഴിക്കുകയും നീതിന്യായങ്ങളെ ദുഷിപ്പിക്കുകയും സത്യധർമ്മാദികളെ കൈവെടിയുകയും ചെയ്യുന്നത് ഐ. സി ചാക്കോയ്ക്ക് ഏറെ വേദനാജനകമായിരുന്നു. നേട്ടങ്ങളിലും ആദർശങ്ങളിലും തോമസ് മൂറിന് സമശീർഷനായ ഐ. സി സ്വന്തം ആത്മസംതൃപ്തിക്കുവേണ്ടി, തന്റെ ചുറ്റുമുള്ളവർക്ക് ഒരു മാതൃകയായിരിക്കുന്നതിന് വേണ്ടിയാണ് തോമസ് മൂറിന്റെ ജീവചരിത്രമെഴുതിയത്. അന്നത്തെ തിരുവിതാംകൂറിന്റെ ചരിത്രം പ്രതീകാത്മകമായി വിവരിക്കുന്ന ഈ സാഹിത്യകൃതി തോമസ്മൂറിന്റെ വസ്തുനിഷ്ഠമായ ചരിത്രമാണ്.

ഐ. സി ചാക്കോയുടെ ദ്വിതീയ ജീവചരിത്ര ഗ്രന്ഥമാണ് മാർ ലൂയിസ് പഴേപറമ്പിൽ ജീവിതവും കാലവും. 750 പേജുള്ള ഈ ഗ്രന്ഥം കേവലം ഒരു ജീവചരിത്രം മാത്രമല്ല, പേര് സൂചിപ്പിക്കുന്നതുപോലെ ഇതൊരു കാലഘട്ടത്തിന്റെയും ജനസമൂഹത്തിന്റെയും സത്യസന്ധമായ ചരിത്രമാണ്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നടന്ന സ്വയംഭരണ വാദത്തിലും അതേ തുടർന്ന് ലഭിച്ച സ്വയംഭരണത്തിലും ഒന്നുപോലെ നേതൃത്വം വഹിച്ച മാർ ലൂയിസിന്റെ ചരിത്രം അക്കാലത്തെ കേരള സഭയുടെ ചരിത്രവുമായി അഭേദ്യമാം വിധം ബന്ധപ്പെട്ടതാണ്. കേരളത്തിലെ കത്തോലിക്കാ സുറിയാനി സമുദായത്തിന്റെ ഭരണസ്വാതന്ത്ര്യത്തിനുവേണ്ടി പ്രതിബന്ധങ്ങളെ വകവയ്ക്കാതെ ദൃഢനിശ്ചയത്തോടുകൂടി പ്രവർത്തിച്ച് വിജയം നേടിയ സഭാ സ്നേഹിയാണ് മാർ ലൂയിസ് പഴേപറമ്പിൽ.

മുപ്പത്തിനാല് അധ്യായങ്ങളുള്ള ഈ ജീവചരിത്രത്തിൽ ആദ്യത്തെ നാലും അവസാനത്തെ രണ്ടും അധ്യായങ്ങൾ വ്യക്തിജീവിതത്തെ മാത്രം സംബന്ധിക്കുന്നവയാണ്. ബാക്കിയുള്ളതിൽ അഞ്ച് അധ്യായങ്ങളും കേരള സുറിയാനി സഭയുടെ ചരിത്രം പരിശോധിക്കാനായി അതുവഴി പശ്ചാത്തല ചിത്രീകരണത്തിനായി വിനിയോഗിച്ചിരിക്കുന്നു. ശേഷമുള്ളവ മാർ ലൂയിസിന്റെ പൊതുജനസേവനത്തെ ആസ്പദിച്ചുള്ളവയാണ്. സഭയ്ക്കുവേണ്ടി സർവ്വവും സമർപ്പിച്ച

മാർ ലൂയിസ് എന്ന ത്യാഗീവര്യനെക്കുറിച്ചുള്ള ഐ. സി ചാക്കോയുടെ പ്രതിപാദനം കാര്യമാത്രപ്രസക്തമാണ്. അതിശയോക്തിയുടെ സ്പർശം പോലും കാണുന്നില്ല. സ്പഷ്ടതയും ഉറപ്പും ഭംഗിയുമുള്ള വാചകങ്ങൾ ആ ശാസ്ത്രജ്ഞന്റെ ശൈലിയുടെ നിസ്സർഗ്ഗ സ്വഭാവമാണ്.

ഐ.സി ചാക്കോ മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയിൽ ഏറെ താല്പര്യമുള്ളവനായിരുന്നു. തിരുവനന്തപുരത്ത് ജോലിയിൽ ആയിരുന്ന അവസരത്തിൽ ഏ.ആർ. രാജരാജവർമ്മ ആവശ്യപ്പെട്ടതനുസരിച്ച് താഴ്ന്ന ക്ളാസ്സുകളിലേയ്ക്ക് പാഠ്യപുസ്തകം ആക്കുന്നതിനുവേണ്ടിയാണ് 'പ്രകൃതികഥകൾ' എന്ന ഗ്രന്ഥമെഴുതിയത്. നദി, മരം, കാട്, കടൽ, കാറ്റ് മുതലായ അചേതന വസ്തുക്കളെ സചേതനങ്ങളാക്കി പാത്രസൃഷ്ടിചെയ്ത് പ്രകൃതിയിലെ അത്ഭുത സംവിധാനങ്ങൾ ബാലഹൃദയങ്ങളിൽ ആഴ്ന്നിറങ്ങും വിധം ലഘുകഥകളാക്കി സംവിധാനം ചെയ്തിരിക്കുകയാണ് ഈ ഗ്രന്ഥത്തിൽ.

ഐ.സി ചാക്കോ മലയാളത്തിൽ തർജ്ജമ ചെയ്തിട്ടുള്ള ഒരു പുസ്തകമാണ് 'കത്തോലിക്കാപരിശ്രമം'. പ്രായോഗികമാം വിധം മനുഷ്യർക്ക് എങ്ങനെ ക്രിസ്തുവിനെ അനുഗമിക്കാമെന്ന് ഈ കൃതി ചൂണ്ടിക്കാണിക്കുന്നു.

ബാല്യകാലത്തെപ്പറ്റിയുള്ള ചിലസ്മരണകൾ എഴുതിയത് സമാഹരിച്ച് പ്രസിദ്ധം ചെയ്തിട്ടുള്ളതാണ് 'ജീവിതസ്മരണകൾ' എന്ന കൃതി. ഇതിൽ അദ്ദേഹം പഴയ സംഭവങ്ങളെ ഓർമ്മിക്കുക മാത്രമല്ല, അവയെ വിലയിരുത്തുകയും അതിന്റെ വെളിച്ചത്തിൽ ഇന്നത്തെ പുരോഗതിയുടെ തനിസ്വഭാവം വ്യക്തമാക്കുകയും ചെയ്യുന്നു.

ഗ്രന്ഥരൂപം പ്രാപിച്ചിട്ടുള്ള രചനകളെക്കാൾ വിപുലമാണ് വിവിധവിഷയങ്ങളെ അധികരിച്ചെഴുതിയ പത്രലേഖനങ്ങൾ, മഹാകാവ്യങ്ങൾ ഉൾപ്പെടെയുള്ള ഭിന്നവിഷയാസ്പദങ്ങളായ ഗ്രന്ഥങ്ങൾക്ക് എഴുതിക്കൊടുത്തിട്ടുള്ള അവതാരികകൾ എന്നിവയെല്ലാം. ഐ.സി ചാക്കോയുടെ പാണ്ഡിത്യത്തിന്റെയും ലോകപരിചയത്തിന്റെയും സർവ്വംകഷമായ വിജ്ഞാനത്തിന്റെയും കാച്ചിക്കുറുക്കിയ സത്തുകളാണ് ആ പ്രബന്ധങ്ങൾ. മതം, സമുദായം, സാഹിത്യം, ശാസ്ത്രം, വ്യാകരണം, ചരിത്രം, ഭാഷാശാസ്ത്രം, രാജ്യതന്ത്രം, വിദ്യാഭ്യാസം, കൃഷി, സാങ്കേതിക

വിഷയങ്ങൾ മുതലായ വിവിധ കൃതികളിൽപെടുന്നവയാണ് ഐ.സിയുടെ പ്രബന്ധങ്ങൾ. ഭൂകമ്പത്തെയും ഉരുൾപൊട്ടലിനെയും പറ്റിയുള്ള പ്രബന്ധങ്ങൾ അതതു വിഷയങ്ങളെ അധികരിച്ച് ഭാഷയിലുണ്ടായിട്ടുള്ള പ്രാമാണികങ്ങളായ രചനകളാണ്.

ഭൂമിക്കടിയിൽ സംഭൃതമായിട്ടുള്ള ജലം ഭൂമുഖം പിളർന്ന് ഒഴുകുന്ന താണ് ഉരുൾ പൊട്ടൽ എന്ന ബോധ്യത്തെ തിരുത്തുന്നതാണ് ഐ.സിയുടെ പഠനം. ശക്തമായ മൺസൂൺ കാറ്റ് മലയിടുക്കുകളിലേയ്ക്ക് അടിച്ചു കയറുന്നു. ചിലപ്പോൾ അവ ചുറ്റിയടിക്കും. ചെറിയ ചുഴലികൾ ഭൂനിരപ്പിനടുത്തോ വളരെ ഉയരത്തിലോ ഉണ്ടാകും. ചുഴലിയിൽപ്പെട്ട കാർമേഘങ്ങൾ ഒരു സ്തൂപമായി മാറുന്നു. ഈ സമയത്ത് ഘനീഭവം നടന്നാൽ വളരെയധികം ജലം ഒരു സ്ഥലത്ത് കുത്തനെ പതിക്കുന്നു. ഈ ജലം മണ്ണും മരവും കല്ലും വീടുമെല്ലാം തകർത്ത് താഴ്‌വരയിലേയ്ക്ക് പ്രയാണം നടത്തുന്നു. ഉരുൾപൊട്ടൽ അന്തരീക്ഷത്തിൽ നിന്നുള്ള പ്രവർത്തനം മൂലം ഉണ്ടാകുന്നുവെന്ന ഈ വിശദീകരണമാണ് കൂടുതൽ വിശ്വാസ്യമായിരിക്കുന്നത്.

അദ്ധ്യായം മൂന്ന്

ശാസ്ത്രീയഗവേഷകൻ

ഐ.സി ചാക്കോ ഒരു കൃഷിശാസ്ത്രജ്ഞനല്ലായിരുന്നുവെങ്കിലും കൃഷിവകുപ്പിനും കാർഷികഗവേഷണങ്ങൾക്കും അദ്ദേഹത്തിൽ നിന്ന് ലഭിച്ചിട്ടുള്ള സംഭാവനകൾ വിലപ്പെട്ടവയാണ്. ഒരു ശാസ്ത്രഗ്രന്ഥം സ്വാനുഭവനിഷ്ഠമായി എഴുതുമ്പോൾ എങ്ങനെ നോവൽപോലെ രസകരമായിത്തീരുമെന്നുള്ളതിന് ഒരു ഉദാഹരണമാണ് കൃഷിവിഷയങ്ങൾ എന്ന ഗ്രന്ഥം. പുഞ്ചനിലത്തിലെ നെൽകൃഷിയെപ്പറ്റി പ്രതിപാദിക്കുമ്പോൾ പ്രത്യേക വളമൊന്നും ചേർക്കാതെ കൃഷി ചെയ്തിട്ടും നെല്ലിനാവശ്യമായ വളം പുഞ്ചനിലങ്ങളിലുണ്ടാവുന്നതെവിടെ നിന്ന് എന്നതിലേയ്ക്ക് അദ്ദേഹത്തിന്റെ ഗവേഷണ ദൃഷ്ടി തിരിയുന്നു. പുഞ്ചനിലങ്ങളിലെ മണ്ണ് അവയിൽ കിടക്കുന്ന വെള്ളത്തിൽനിന്ന് പൊട്ടാഷും, ഫോസ്ഫോറിക്

ആസിഡും വലിച്ചെടുത്തുകൊണ്ടിരിക്കുന്നു. ഓരു വെള്ളത്തിൽ ഈ പദാർത്ഥ ങ്ങൾ കൂടുതലുണ്ട്. പഴനിലം കിടക്കുന്ന പാടങ്ങളിൽ ഒരിക്കൽ ഓരു വെള്ളം കയറിക്കിടക്കാൻ ഇടയാകുന്നത് പഴനിലകൃഷി കൂടുതൽ നന്നായിരിക്കുന്നതിന് കാരണമാകുന്നു.

നിലങ്ങൾ എല്ലാപ്രകാരങ്ങളിലും ഉത്സാഹപൂർവ്വം നോക്കിയാലും ഞാറ്റ് തല (നടുതലയ്ക്ക് കൊള്ളാവുന്ന സമയം) തെറ്റിയാൽ കൃഷി ശരിയാവുകയില്ല. യദൃച്ഛയാ ഞാറ്റ് തലയ്ക്ക് കൃഷിയിറക്കുവാൻ സാധിക്കാതെ വന്നാൽ ഞാറ്റ് തല മാറ്റുന്ന വിധവും ഐ.സി ചാക്കോ വിശദീകരിച്ചിരിക്കുന്നു.

ഭാരതത്തിൽ ഹരിതവിപ്ളവം ഉത്ഭവിക്കുന്നതിന് അരനൂറ്റാണ്ടു മുൻപ്, മണ്ണ്, ജലം, കൃഷി ഇവയെ നന്നായി തിരിച്ചറിയുക, വിളകളെ ഏറ്റവും ശാസ്ത്രീയമായ രീതിയിൽ സമീപിച്ച് ഉല്പാദനക്ഷമതയും ഉല്പാദനവും വർദ്ധിപ്പിക്കുക, കേരളത്തിന് പ്രകൃതി ഒരുക്കിത്തന്ന ജൈവവൈവിദ്ധ്യം സംരക്ഷിക്കുക തുടങ്ങിയ കാര്യങ്ങൾ പ്രായോഗികമാക്കുവാൻ വേണ്ട എല്ലാ നിർദ്ദേശങ്ങളും ഐ.സി ചാക്കോ നല്കിയിരുന്നു.

2004-ൽ ഏറെ ജീവനാശവും മറ്റ് നാശനഷ്ടങ്ങളും വരുത്തിവച്ച സുനാമിയെക്കുറിച്ചുള്ള പഠനമായിരുന്നു 1934- ൽ ഐ.സി ചാക്കോ മലയാളമനോരമയിൽ കുറിച്ച ലേഖനങ്ങൾ. സമുദ്രത്തിന്റെ അടിയിലുള്ള ഒരു ഭൂകമ്പ കേന്ദ്രത്തിൽ നിന്നും ഭൂതരംഗങ്ങളും തിരമാലകളും ഒരേ സമയത്ത് ഉത്ഭവിക്കുമെങ്കിലും ഭൂതരംഗങ്ങൾ ദ്രുതതരമായി പ്രസരിച്ച് ദിക്കുകളിൽ വ്യാപിക്കുന്നു. ഭൂതരംഗങ്ങൾ കൊണ്ട് കെട്ടിടങ്ങൾ വീണും മറ്റും വലിയ നാശം സംഭവിച്ചിരിക്കുന്ന ഒരു സ്ഥലത്തെ ഉടനെ തന്നെ തിരമാലകളും ആക്രമിച്ചാൽ അവിടെ പിന്നെ ഉണ്ടാകാവുന്ന നാശം അവർണ്ണനീയമാണ്.

അദ്ധ്യായം - 4

സമുദായസേവനങ്ങൾ

ഐ.സി.ചാക്കോയുടെ സാമുദായിക പ്രവർത്തനങ്ങൾ എക്കാലവും നിസ്തുലങ്ങളായി നിലകൊള്ളുന്നവയാണ്. സമുദായ നീതിക്കുവേണ്ടി ഭരണകൂടങ്ങളോടും, സമുദായത്തിലെ ദുർബല വിഭാഗങ്ങൾക്ക് നീതിലഭിക്കുവാൻവേണ്ടി മതാധികാരികളോടും പോരാടിയിട്ടുണ്ട്. അവശതകളും അസമത്വങ്ങളും സമുദായം നോക്കാതെ പരിഹരിക്കപ്പെടണമെന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം.

രാഷ്ട്രീയവും സാമൂഹികവുമായ അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കും സമത്വത്തിലേക്കുമുള്ള ജനകീയ പ്രസ്ഥാനങ്ങളുടെ കുതിച്ചു കയറ്റത്തിൽ അണിയറ നേതൃത്വം കൊടുത്തുകൊണ്ട് ഐ.സി.ചാക്കോ കേരളത്തിന്റെ പൊതുരംഗത്ത് നിറഞ്ഞ സാന്നിദ്ധ്യമായി നിലകൊണ്ടിരുന്നു. സർക്കാർസർവ്വീസിലും നിയമനിർമ്മാണ സഭകളിലും അവർണഹിന്ദുക്കൾക്കും മതന്യൂനപക്ഷങ്ങൾക്കും അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിന് വേണ്ടി നടന്ന പൗരസമത്വവാദം, നിവർത്തന പ്രക്ഷോഭം, സ്റ്റേറ്റ് കോൺഗ്രസ് സമരം ഇവയുടെയെല്ലാം അണിയറയിൽ ശക്തികേന്ദ്രമായും തലച്ചോറായും പ്രവർത്തിച്ചിരുന്നത് ഐ.സി. ചാക്കോയാണ്. ഐ.സി.ചാക്കോയുടെ പൊതുപ്രവർത്തനങ്ങളിലും കത്തോലിക്കാസമുദായ താത്പര്യങ്ങളും ദേശീയതാത്പര്യങ്ങളും ആരോഗ്യകരമായ ഒരനുപാതത്തിൽ ഇടകലരുന്നത് കാണാം.

മതത്തിനും സമുദായത്തിനും ഐ.സി.ചാക്കോ നല്കിയ സേവനങ്ങളുടെ മകുടമായി ശോഭിക്കുന്നതാണ് ഐ.സിയും കെ. എൻ ദാനിയേലുമായി പാപ്പാധിപത്യത്തിനെതിരായി ഉണ്ടായ വിവാദങ്ങൾ. ഉദ്യോഗത്തിലിരിക്കുന്ന കാലത്ത് ഐ.സി ചാക്കോ കത്തോലിക്കാസഭയ്ക്കും വിശ്വാസത്തിനും വേണ്ടി നടത്തിയ ഒരു വലിയ പോരാട്ടമായിരുന്നു പാപ്പാധിപത്യക്കേസിൽ അവസാനിച്ച ഐ.സി ചാക്കോയും കെ.എൻ. ദാനിയേലുമായുള്ള വിവാദം. 1931 ജനുവരി 9 മുതൽ നവംബർ 27 വരെയുള്ള കാലഘട്ടത്തിനിടക്ക് 'എന്റെ പേരിലുള്ള കേസ്'

എന്ന ശീർഷകത്തിൽ ഐ.സി ചാക്കോ ഒരു ലേഖന പരമ്പര എഴുതി. ദൈവശാസ്ത്രം, തത്ത്വശാസ്ത്രം, തർക്കശാസ്ത്രം, ഭാഷാശാസ്ത്രം, ചരിത്രം, വിമർശനം മുതലായ വിജ്ഞാനശാഖകളിൽ താല്പര്യമുള്ളവർക്കെല്ലാം അത്യധികം പ്രയോജനപ്പെടുന്ന ഒരു പ്രാമാണിക രേഖയാണത്.

അദ്ധ്യായം അഞ്ച്

നിഗമനങ്ങൾ

1875 ഡിസംബർ 25ന് ആരംഭിച്ച് 1966 മെയ് 28ന് അവസാനിച്ച ഐ.സി. ചാക്കോയുടെ കർമ്മനിരതമായ 91 കൊല്ലത്തെ ജീവിതം കൈരളിക്ക് മികവുറ്റ സംഭാവനകളാണ് പ്രദാനം ചെയ്തത്.

ഗണിതശാസ്ത്രം, ഭൂഗർഭവിജ്ഞാനീയം, ഊർജ്ജതന്ത്രം, കൃഷിശാസ്ത്രം മുതലായ മേഖലകളിൽ ആഴമായ അറിവും ഉൾക്കാഴ്ചയും നേടിയ പണ്ഡിതനായിരുന്നു ഐ.സി. ചാക്കോ. ബഹുഭാഷാപണ്ഡിതനായ അദ്ദേഹം താരതമ്യ ഭാഷാ ശാസ്ത്രരംഗത്ത് അനായാസം വിഹരിക്കുകയും, വിവിധ മേഖലകളിൽ ആധുനിക വിജ്ഞാന വികാസത്തിനാവശ്യമായ നൂതനപദങ്ങൾ നിർമ്മിച്ച് നല്കുകയും ചെയ്തു. ഗവേഷണ ബുദ്ധിയായ ഒരു ജീവചരിത്രകാരനേയും ഐ.സി ചാക്കോയിൽ ദർശിക്കാനാവും. ഭാരതീയ വേദശാസ്ത്രാദികളിലെന്ന പോലെ ക്രൈസ്തവ ദൈവശാസ്ത്രത്തിലും അവഗാഹം നേടി. വ്യവസായ ഡയറക്ടർ എന്ന ഔദ്യോഗിക പദവിയിലിരുന്നുകൊണ്ട് അദ്ദേഹം ചെയ്ത രാഷ്ട്രസേവനം വിഷയജ്ഞാനത്തിന്റെയും ദീർഘദൃഷ്ടിയുടെയും ചിരസ്ഥായിയായ ഫലങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പിന്നാക്കസമുദായങ്ങളുടെ വളർച്ചയ്ക്കും രാജ്യത്തിന്റെ സ്വാതന്ത്ര്യപ്രാപ്തിക്കും വേണ്ടി രാഷ്ട്രീയരംഗത്ത് ഐ.സി ചാക്കോ നിർവഹിച്ചിട്ടുള്ള അണിയറ സേവനങ്ങൾ നിസ്തുലങ്ങളാണ്.

ഐ.സി ചാക്കോയുടെ സാഹിത്യരംഗത്തെ സംഭാവനകൾ ഏറെക്കാലം നിലനില്ക്കുന്നതാണ്. വാത്സ്യലത്തോടെ വളർത്തിയ ഹെക്ടർ എന്ന നായയുടെ മരണത്തെക്കുറിച്ച് അദ്ദേഹമെഴുതിയ വിലാപകാവ്യം

(ഹേക്താ: മൃതോ മേ ശ്വാ:), അവതാരരഹസ്യത്തെ ഭാരതീയസംസ്ക്കാരവുമായി ബന്ധിക്കുന്ന ഗഹനാർത്ഥ മോഹനമായ ക്രിസ്തുസഹസ്രനാമം ഇവയൊക്കെ അനേകരുടെ അഭിനന്ദനത്തിന് പാത്രമായതാണ്. കുട്ടനാട്ടിൽ ജനിച്ചു വളർന്ന ഐ.സി 'കൃഷിവിഷയങ്ങൾ' എന്ന പേരിലെഴുതിയ പുസ്തകം കാർഷികരംഗത്ത് ഇന്നും ഒരു ആധികാരിക ഗ്രന്ഥമാണ്. ജീവചരിത്രരംഗത്ത് അദ്ദേഹം നല്കിയ സംഭാവനകളാണ് സർ തോമസ് മൂർ, മാർ ളൂയിസ് പഴേപറമ്പിൽ- ജീവിതവും കാലവും തുടങ്ങിയവ. ആയുഷ്ക്കാലം മുഴുവൻ വാല്മീകി രാമായണം വായിച്ചാസ്വദിച്ചതിന്റെ ഫലമാണ് 'വാല്മീകിയുടെ ലോകത്തിൽ' എന്ന നിരൂപണഗ്രന്ഥം. കുമാരനാശാന്റെ 'കരുണ'യെ പുരസ്കരിച്ച് പി.കെ നാരായണപിള്ള എഴുതിയ നിരൂപണത്തിനും, മാർപ്പാപ്പായുടെ ആധിപത്യത്തെ ചൊല്ലി കെ.എൻ. ദാനിയേൽ എഴുതിയ ലേഖനത്തിനും ഐ.സി ചാക്കോ എഴുതിയ മറുപടികൾ പ്രസിദ്ധങ്ങളാണ്. ശബ്ദങ്ങളുടെ രൂഢാർത്ഥങ്ങളെ പുരസ്ക്കരിച്ച് ഐ.സി ചാക്കോ എഴുതിയ ലേഖനങ്ങളുടെ സമാഹാരം വളരെ ശ്രദ്ധേയമാണ്. എല്ലാറ്റിനുമുപരി ഐ.സി ചാക്കോയെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡിനർഹമാക്കിയത് അദ്ദേഹത്തിന്റെ 'പാണിനീയപ്രദ്യോത'മാണ്.

തിരുവിതാംകൂർ വ്യവസായവകുപ്പിന്റെയും ഭൂഗർഭശാസ്ത്ര വകുപ്പിന്റെയും അധ്യക്ഷനെന്ന നിലയിൽ രാജ്യത്തിന് ചിരസ്ഥായിയായ സംഭാവനകളാണ് ഐ.സി നല്കിയിട്ടുള്ളത്. തിരുവിതാംകൂറിലെ ഇൽമനൈറ്റ് കമ്പനിയുടെ സ്ഥാപനത്തിന് ഹേതുഭൂതൻ ഐ.സി ചാക്കോയാണ്. മോണോസൈറ്റ് കമ്പനിക്കാർ ഉപേക്ഷിച്ചുകളയുന്ന കറുത്ത മണലിൽ ഇൽമനൈറ്റ് ധാരാളമുണ്ടെന്ന് അദ്ദേഹം കണ്ടുപിടിച്ചു. ഇന്ത്യയിലെ വ്യാവസായികാവശ്യങ്ങൾക്കുള്ള കളിമണ്ണ് വിദേശരാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയായിരുന്നു. കുണ്ടറയിലെ കളിമണ്ണ് പ്രസ്തുത ഉപയോഗത്തിന് പര്യാപ്തമാണെന്നും വിദേശയിറക്കുമതിയേക്കാൾ ഗുണോത്തരമാണെന്നും സ്വന്തം ഗവേഷണഫലമായി കണ്ടുപിടിച്ചു. വെള്ളമണലിഷ്ടിക നിർമ്മാണത്തിനാവശ്യമായ രാസവസ്തുക്കളിൽ പ്രധാനപ്പെട്ട ചുണ്ണാമ്പ് ചേർത്തല പ്രദേശത്തുള്ള കായലുകളിൽ സമൃദ്ധമായി കാണപ്പെടുന്ന കക്കാ നീറ്റിയെടുക്കാമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഇന്ന് പല സ്വകാര്യ

കമ്പനികളും ഈ വ്യവസായത്തിൽ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. കാർഷികമേഖലക്കും കൃഷിവകുപ്പിനും നല്കിയ സംഭാവനകൾ അനശ്വരങ്ങളാണ്.

രാഷ്ട്രീയവും സാമൂഹികവുമായ അടിമത്തത്തിൽ നിന്ന് സ്വാതന്ത്യത്തിലേയ്ക്കും സമത്വത്തിലേക്കുമുള്ള ജനകീയ പ്രസ്ഥാനങ്ങളുടെ കുതിച്ചു കയറ്റത്തിൽ അണിയറ നേതൃത്വം കൊണ്ട് ഐ.സി ചാക്കോ കേരളത്തിന്റെ പൊതുരംഗത്ത് അനുഷ്ഠിച്ചിട്ടുള്ള സേവനം നിസ്തുലമാണ്. സർക്കാർ സർവ്വീസിലും നിയമനിർമ്മാണസഭകളിലും അവർണഹിന്ദുക്കൾക്കും മതന്യൂനപക്ഷങ്ങൾക്കും അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടി നടന്ന പൗരസമത്വവാദം, നിവർത്തന പ്രക്ഷോഭം സ്റ്റേറ്റ് കോൺഗ്രസ് സമരം ഇവയുടെയെല്ലാം അണിയറയിൽ ശക്തികേന്ദ്രമായി വർത്തിച്ചത് ഐ.സി ചാക്കോയാണ്.

കേരളസഭയുടെ ആരാധനാക്രമ സാഹിത്യത്തിന് ഐ.സി ചാക്കോ നല്കിയ നൂതനപദങ്ങളാണ് മൗതികശരീരം, സ്വർഗ്ഗാരോഹണം, സ്വർഗ്ഗാരോപണം, പാഥേയം മുതലായവ. ചുരുക്കത്തിൽ സഭയ്ക്കും സമുദായത്തിനും രാഷ്ട്രത്തിനും ഐ.സി ചാക്കോ നല്കിയ സംഭാവനകൾ മികവുറ്റവയാണ്.